©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2017 ഏപ്രിൽ 10<br>10th April 2017<br>1192 മീനം 27<br>27th Meenam 1192<br>1939 ചൈത്രം 20<br>20th Chaithra 1939 | നമ്പർ<br>No. | 705 |

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ഡി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 8445/ലെഗ് ഡി2/2017/നിയമം  *തിരുവനന്തപുരം,* 2017 ഏപ്രിൽ 10.
1192 മീനം 27
1939 ചൈത്രം 20.

2017 ഏപ്രിൽ 10-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയ ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ വകുപ്പ് സെക്രട്ടറി.*

## 2017-ലെ 5-ാം നമ്പർ ഓർഡിനൻസ്

# 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "വിദ്യാലയങ്ങൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മറ്റ് ഏതെങ്കിലും ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്കൂളുകളും എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ഓർഡിനൻസിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഭാഷയാക്കണമെന്ന്.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു നിർബന്ധിത ഭാഷയായി പഠിപ്പിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരം മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ വിദ്യാലയങ്ങളിൽ നടത്തുവാൻ പാടുള്ളതല്ല.

(4) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്ത് വന്ന് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസ്സുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം പത്താം തരം പരീക്ഷയിൽ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്നും അവരെ ഒഴിവാക്കാവുന്നതാണ്.

(5) സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) മുതലായ ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ടിയുള്ള ഒരു നിബന്ധനയായി നിർബന്ധിത മലയാള ഭാഷാപഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം നിർബന്ധിത ഭാഷാപഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത വിദ്യാലയങ്ങളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്.

(6) കേരള എഡ്യൂക്കേഷൻ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നിർബന്ധിത മലയാള ഭാഷാപഠനം ഒരു നിബന്ധനയാക്കേണ്ടതാണ്.

(7) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

4. <u>ഓർഡിനൻസിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.</u>—(1) ഈ ഓർഡിനൻസിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ ലംഘിക്കുന്ന വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരെ അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അപ്രകാരമുള്ള പിഴ പ്രസ്തുത പ്രധാന അദ്ധ്യാപകരിൽ നിന്നും നിർണ്ണയിക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

(3) അപ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്നപക്ഷം അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ സംഗതിയിൽ, പ്രസ്തുത വിദ്യാലയത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.സി.), ഇൻഡ്യൻ കൗൺസിൽ ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.) ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വിദ്യാലയങ്ങൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം നിർണ്ണയിക്കാവുന്ന രീതിയിൽ റദ്ദാക്കുകയും ചെയ്യുന്നതാണ്.

5. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ഓർഡിനൻസിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ഓർഡിനൻസ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

6. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവ് വഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-D) Department**

NOTIFICATION

No. 8445/Leg.D2/2017/Law.

*Dated, Thiruvananthapuram,* *10th April, 2017.* / *27th Meenam, 1192* / *20th Chaithra, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is Pleased to authorise the publication in the Gazette of the following translation in English language of the Malayalam Language (Compulsory Language) Ordinance, 2017 (5 of 2017)

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of the "2017ലെ മലയാള ഭാഷാ (നിർബന്ധിത ഭാഷ) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 5 OF 2017

## THE MALAYALAM LANGUAGE (COMPULSORY LANGUAGE) ORDINANCE, 2017

Promulgated by the Governor of Kerala in the year of Sixty-eighth year of the Republic of India.

*AN*

*ORDINANCE*

*to provide for teaching Malayalam as a Compulsory language in all educational institutions in the State and for matters connected herewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provided for teaching Malayalam as Compulsory language in all educational institutions in the State and for matters connected herewith or incidental thereto;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exists which render it necessary for him to take immediate action;

NOW THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Malayalam Language (Compulsory Language) Ordinance, 2017.

(2) It shall come into force at once.

2. *Definitions.*—In this Ordinance, unless the context otherwise requires,—

(a) 'Government' means Government of Kerala;

(b) 'Educational Institutions' mean all Government, Aided, Un-aided, Self financing institutions and all the schools functioning in the State under the control of the Central Board of Secondary Education (CBSE), Indian Council of Secondary Education (ICSE) and other Boards.

(c) 'Prescribed' means prescribed by Rules under this Ordinance;

(d) 'State' means the State of Kerala.

3. *Malayalam to be a compulsory language in all the schools in the State.*—(1) Notwithstanding anything contained in any Act for the time being in force or any rules or orders made there under, Malayalam shall be taught as a compulsory language from classes first standard to tenth standard in all schools starting from the academic year 2017-2018 in the State.

(2) No restriction shall be imposed for speaking Malayalam in the schools of the State either directly or indirectly.

(3) No board or notice imposing restrictions in speaking Malayalam language in any manner shall be displayed or campaign conducted for that purpose as provided in sub-section (2).

(4) In case students coming from other states or foreign countries, who pursue studies in the State and who find it difficult to study Malayalam, may be exempted from the Malayalam language examination in the tenth standard.

(5) In the case of schools under Central Board of Secondary Education (CBSE), Indian Council of Secondary Education (ICSE) Boards etc. compulsory Malayalam language studying shall be a pre condition for granting No Objection Certificate and the No Objection Certificate of such schools who have not provided for such compulsory study shall be cancelled.

(6) Compulsory Malayalam language study shall be made as a condition for granting recognition for unaided Schools under the provisions of Kerala Education Act and Rules.

4. *Penalty for violation of Provisions of Ordinance and Rules.*—(1) The Headmasters of schools violating the provisions of this Ordinance and Rules shall be punished with a fine of Rupees five thousand.

(2) An Officer not below the rank of Director of Education authorized in this behalf shall recover such fine from the said Head Masters in the manner as may be prescribed.

(3) In the case of unaided schools, the recognition of the said schools shall be cancelled for three violations of such nature and in the case of schools under the CBSE, ICSE Boards, the No Objection Certificate granted to such schools shall be cancelled in the manner as may be prescribed.

5. *Power to make rules.*—The Government may, by notification in the Gazette, make rules with prospective or retrospective effect, for the purpose of carrying out the provisions of this ordinance.

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

6. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may by order published in the Gazette do anything not inconsistent with the provisions of this Ordinance, which appears to them to be necessary or expedient for removing the difficulty:

Provided that no Order shall be made under this section after the expiration of two years from the date on which this Ordinance comes into force.

(2) Every order published under this section shall, as soon as may be after its publication, be laid before the Legislative Assembly.

P. SATHASIVAM,
*GOVERNOR.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.